ഇന്ത്യൻ വോളിയിൽ മലയോരത്തിന്റെ അഭിമാനതാരമായി അഞ്ജലി ബാബു

തനിക്ക് ലഭിച്ച ട്രോഫികൾക്കരികിൽ ഇന്ത്യൻ വോളിബോൾ താരം അഞ്ജലി ബാബു

ആലക്കോട്: കോഴിക്കോട് അടുത്തിടെ സമാപിച്ച 66-ാമത് ദേശീയ സീനിയർ വോളിബോളിന്റെ വനിതാ വിഭാഗത്തിൽ കേരളത്തിന് നിർഭാഗ്യം കൊണ്ട് റെയിൽവേസിന് മുന്നിൽ കിരീടം അടിയറ വെയ്ക്കേണ്ടി വന്നുവെങ്കിലും, ഇന്ത്യൻ വോളിയിൽ മലയോരത്തിന്റെ അഭിമാന താരമായി മാറിയ അഞ്ജലി ബാബുവിന്റെ പ്രകടനം വേറിട്ടതായി. അഞ്ച് സെറ്റ് നീണ്ട ഫൈനൽ പോരാട്ടത്തിൽ 21-25, 28-26, 25-21, 18-25, 12-15 എന്ന സ്കോറിനാണ് റെയിൽവേസ് കേരളത്തെ വീഴ്ത്തി ജേതാക്കളായത്. ഏറ്റുമുട്ടിയ കളികളിലെല്ലാം എതിരാളികളെ നിലംപരിശാക്കിയ പ്രകടനത്തോടെ ഫൈനലിലെത്തിയ കേരളം റെയിൽവേസിനോട് പൊരുതി തോൽക്കുകയായിരുന്നു. കേരള ടീമിന്റെ കുതിപ്പിൽ ഏറ്റവും പ്രധാന പങ്കുവഹിച്ചത് റൈറ്റ് വിംഗ് സ്പൈക്കറായ അഞ്ജലി ബാബുവായിരുന്നു. റോക്കറ്റ് സ്മാഷുകളും ജമ്പിംഗ് സർവീസുകളുമായി കേരള മുന്നേറ്റത്തിന്റെ കുന്തമുനയായി പോർമുഖത്ത് നിലയുറപ്പിച്ച അഞ്ജലിയുടെ കൂറ്റനടികളാണ് കേരളത്തിനെ കിരീടത്തിന് തൊട്ടരികിലെത്തിച്ചത്. ഇന്ത്യൻ വോളിയിൽ ഇനിയുള്ള വർഷങ്ങൾ തന്റെത് കൂടിയാണെന്ന് തെളിയിച്ച് കൊണ്ടുള്ള മികച്ച പ്രകടനമാണ് ഈ 21 കാരി കാഴ്ച വെച്ചത്. തലശേരി ബ്രണ്ണൻ കോളേജിൽ ബി.എ ഇംഗ്ലീഷ് വിദ്യാർത്ഥിനിയായ അഞ്ജലി തലശേരി സായി സെന്ററിലാണ് പരിശീലിക്കുന്നത്. ടി.ബാലചന്ദ്രനാണ് കോച്ച്. തേർത്തല്ലി സ്വദേശിനിയായ അഞ്ജലി ചെറുപ്പം മുതലെ വോളി ബോളിൽ മലയോരത്തിന്റെ അഭിമാന താരമാണ്. 2017ൽ ചൈനയിൽ നടന്ന ബ്രിക്സ് രാജ്യങ്ങളുടെ വോളിബോൾ ടൂർണ്ണമെന്റിൽ ഇന്ത്യക്ക് വേണ്ടി ജേഴ്സി അണിഞ്ഞ അഞ്ജലി ഈ വർഷം ഒക്ടോബറിൽ ഇന്തോനേഷ്യയിലെ ജക്കാർത്തയിൽ നടക്കുന്ന ഏഷ്യൻ വോളി ചാമ്പ്യൻഷിപ്പിലേക്കുള്ള ഇന്ത്യൻ ടീമിലേക്കും സെലക്ഷൻ നേടിയിട്ടുണ്ട്. 2014ൽ തായ്പേയിൽ നടന്ന ഏഷ്യൻ ജൂനിയർ വോളിയിലും ഇന്ത്യയെ പ്രതിനിധീകരിച്ചു. ചെറുപുഴ സെന്റ് ജോസഫ്സ് സ്കൂളിൽ ആറാം ക്ലാസ് വിദ്യാർത്ഥിനിയായിരിക്കെ സ്കൂളിലെ വോളിബോൾ കോച്ച് ജോളി മാത്യുവിന്റെ കീഴിലാണ് പരിശീലനം ആരംഭിച്ചത്. നിരവധി ദേശീയ-അന്തർ ദേശീയ ടൂർണ്ണമെന്റുകളിൽ കേരളത്തെ പ്രതിനിധീകരിച്ച് ട്രോഫികൾ വാരിക്കൂട്ടി. സ്കൂൾ, കോളേജ്, യൂണിവേഴ്സിറ്റി മത്സരത്തിൽ പല തവണയായി മികച്ച ഓൾ റൗണ്ടർ, അറ്റാക്കർ പുരസ്ക്കാരങ്ങൾ നേടി. കണ്ണൂർ യൂണിവേഴ്സിറ്റി വോളി ടീമിന്റെ ക്യാപ്റ്റനുമായിരുന്നു. പ്ലസ്വണ്ണിന് പഠിക്കുന്നതിനിടെയാണ് സായി സെന്ററിൽ സെലക്ഷൻ ലഭിച്ചത്. ചുരുങ്ങിയ കാലത്തിനുള്ളിൽ ട്രോഫികളുടെയും പുരസ്ക്കാരങ്ങളുടെയും വിപുല ശേഖരമാണ് അഞ്ജലിയെ തേടിയെത്തിയത്. വീട്ടിലെ ഷെൽഫിൽ നിറയെ ട്രോഫികളുടെയും മെഡലുകളുടെയും ശേഖരമാണ്. മലയോരത്ത് നിന്ന് സമീപ കാലത്ത് വോളിബോളിൽ ഇത്രയധികം നേട്ടങ്ങൾ കൈവരിച്ച വനിതാ താരവും അഞ്ജലിയാണ്. തേർത്തല്ലി ടൗണിലെ അഞ്ജലി ടെക്സ്റ്റയിൽസ് ഉടമ കുറുമ്പുറത്ത് ബാബു-ഗ്രേസി ദമ്പതികളുടെ മകളാണ്. വോളിബോളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാനാണ് അഞ്ജലിയുടെ തീരുമാനം.

ജയിംസ് മാത്യുവിന്റെ നിലപാട് നവലിബറൽ വികസനവാദിയുടെതെന്ന്

തളിപ്പറമ്പ: കീഴാറ്റൂർ സമരത്തിൽ നാട്ടുകാരല്ല പുറത്തുനിന്നുള്ളവരാണ് പ്രശ്നമുണ്ടാക്കുന്നതെന്ന ജയിംസ് മാത്യു എം.എൽ.എയുടെ പ്രതികരണത്തിൽ കീഴാറ്റൂർ സമര ഐക്യദാർഢ്യസമിതി പ്രവർത്തക യോഗം പ്രതിഷേധിച്ചു. ഫ്യൂഡൽ മൂലബോധം പേറുന്ന ഈ പ്രതികരണത്തോട് പുരോഗമന ജനാധിപത്യ രാഷ്ട്രീയ നേതൃത്വങ്ങൾ നിലപാട് വ്യക്തമാക്കണം. കടന്നുവന്ന വഴിയും ചരിത്രവും പാടെ വിസ്മരിച്ചു കൊണ്ടുള്ള ഈ അഭിപ്രായം മൂലധനസേവ നടത്തുന്ന നവലിബറൽ വികസനവാദിയുടെതാണ്. വ്യക്തികൾ അവരവരുടെ പ്രദേശങ്ങളിൽ ഒതുങ്ങി കഴിയേണ്ടവരാണെങ്കിൽ അദ്ദേഹത്തിന് തളിപ്പറമ്പിൽ നിന്ന് എം.എൽ.എ ആവാൻ കഴിയുമായിരുന്നോ. അർജന്റീനക്കാരനായ ചെഗുവേര ക്യൂബയിൽ ചെന്ന് വിപ്ലവം നടത്തി അവിടെ ധനകാര്യ മന്ത്രിയാകുമായിരുന്നോ. പി.കൃഷ്ണപിള്ള ആലപ്പുഴ ജില്ലയിലെ മുഹമ്മയിൽ ഒതുങ്ങി കഴിഞ്ഞിരുന്നുവെങ്കിൽ മലബാറിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം രൂപംകൊള്ളുമായിരുന്നോ. ഓരോ സമയം ഇത്തരം കാര്യങ്ങളിലെല്ലാം ഊറ്റംകൊള്ളുകയും ജനകീയ സമരങ്ങളുടെ വിഷയത്തിൽ ചരിത്രബോധം നഷ്ടപ്പെട്ടുപോവുകയും ചെയ്യുന്നത് ഒരു ജനകീയ എം.എൽ.എക്ക് ഭൂഷണമല്ലെന്ന് യോഗം ഓർമ്മിപ്പിച്ചു. ഡോ.ഡി.സുരേന്ദ്രനാഥ് അധ്യക്ഷത വഹിച്ചു. നോബിൾ എം. പൈകട റിപ്പോർട്ട് അവതരിപ്പിച്ചു. സണ്ണി അമ്പാട്ട്, അപ്പുക്കുട്ടൻ കാരയിൽ, സുരേഷ് കീഴാറ്റൂർ, വി.പി.മഹേശ്വരൻ മാസ്റ്റർ, അഡ്വ.കസ്തൂരിദേവൻ, ഹരി ചക്കരക്കൽ, സി.ശശി, വിനോദ് രാമന്തളി, മേരി അബ്രഹാം, ആശ ഹരി, ബെന്നി മുട്ടത്തിൽ, കെ. സുനിൽകുമാർ സംസാരിച്ചു.

ജനപ്രതിനിധികളും രാഷ്ട്രീയ നേതൃത്വങ്ങളും ഫ്യൂഡൽമൂല്യബോധം വെടിഞ്ഞ് ജനാധിപത്യ-രാഷ്ട്രീയ-സാംസ്കാരിക-പാരിസ്ഥിതിക സാക്ഷരത നേടുക എന്ന മുദ്രാവാക്യമുന്നയിച്ച് 15ന് വൈകുന്നേരം നാല് മണിക്ക് കീഴാറ്റൂരിൽ നിന്ന് തളിപ്പറമ്പിലേക്ക് മാർച്ചും തുടർന്ന് പൊതുയോഗവും സംഘടിപ്പിക്കും.

മാധവൻ മാസ്റ്ററെ അനുമോദിക്കും

തളിപ്പറമ്പ: കേരള സാഹിത്യ അക്കാദമിയുടെ മികച്ച ഗ്രന്ഥശാല പ്രവർത്തക പുരസ്കാരം നേടിയ കെ.മാധവൻ മാസ്റ്ററെ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് തളിപ്പറമ്പ മേഖല കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ അനുമോദിക്കും.

നാളെ വൈകുന്നേരം 4.30ന് തളിപ്പറമ്പ അധ്യാപക ഭവനിൽ നടക്കുന്ന പരിപാടി മുൻ എം.എൽ.എ സി.കെ.പി.പത്മനാഭൻ ഉപഹാര സമർപ്പണം നടത്തും. മേഖല പ്രസിഡണ്ട് പ്രൊഫ. എൻ.കെ.ഗോവിന്ദൻ അധ്യക്ഷനാകും. ടി.ഗംഗാധരൻ പ്രഭാഷണം നടത്തും. പി.കെ. ബൈജു, ടി.കെ.മുരളീധരൻ, ഇ.മോഹനൻ സംസാരിക്കും.

മൊട്ടമ്മൽ രാമൻ- ശ്രീദേവി പുരസ്കാരം നടനും സംവിധായകനുമായ രാജസേനനിൽ നിന്ന് തളിപ്പറമ്പ് നഗരസഭ ചെയർമാൻ അള്ളാംകുളം മഹമ്മൂദ് ഏറ്റുവാങ്ങുന്നു

നീതി നിഷേധം കേരള സർക്കാരിന്റെ മുഖമുദ്ര: കരീം ചേലേരി

കണ്ണൂർ: സാമൂഹ്യ നീതി നിഷേധിക്കുന്നതോടൊപ്പം ജീവനക്കാരുടെയും ജനങ്ങളുടെയും ആനുകൂല്യങ്ങളും അവകാശങ്ങളും അനുദിനം കവർന്നുകൊണ്ടിരിക്കുന്ന സർക്കാരിന്റെ നടപടി അപലപനീയമാണെന്ന് ജില്ലാ മുസ്ലിംലീഗ് ജന. സെക്രട്ടറി അഡ്വ.അബ്ദുൽകരീം ചേലേരി. സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ (എസ്.ഇ.യു) ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ പ്രസിഡണ്ട് സി.എച്ച്.അബ്ദുൽ റഹിമാൻ അധ്യക്ഷത വഹിച്ചു. എസ്.ഇ.യു സംസ്ഥാന പ്രസിഡണ്ട് എം.എം.അബൂബക്കർ മുഖ്യപ്രഭാഷണം നടത്തി.

തളിപ്പറമ്പ നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദ്, എസ്.ഇ.യു സംസ്ഥാന ഭാരവാഹികളായ പി.സി.റഫീഖ്, നാസർ നങ്ങാരത്ത്, ഗസറ്റഡ് ഓഫീസ് യൂണിയൻ സംസ്ഥാന വൈസ് പ്രസിഡണ്ട് കെ.അസൈനാർ, കെ.മൊയ്തു, എം.മുഹമ്മദ്ശരീഫ്, ബി.അഹമ്മദ്, കെ.വി.മുഹമ്മദ് മദനി, റഹിം ബാണത്തുങ്കണ്ടി, ടി.കെ.നിസാർ, കമാലുദ്ധീൻ സംസാരിച്ചു. എം.അബ്ദുൽസത്താർ സ്വാഗതവും കെ.വി.ഫാറൂഖ് നന്ദിയും പറഞ്ഞു.

നടുവിൽ പഞ്ചായത്ത് മുസ്ലിം ലീഗ്
ഉണർത്തു ജാഥ

മുസ്ലിംലീഗ് നടുവിൽ പഞ്ചായത്ത് കമ്മിറ്റി സംഘടിപ്പിച്ച ഉണർത്തുജാഥ.

മുസ്ലിംലീഗ് സ്ഥാപക ദിനം; ഉണർത്തു ജാഥ സംഘടിപ്പിച്ചു

തളിപ്പറമ്പ മുനിസിപ്പൽ മുസ്ലിംലീഗ് കമ്മിറ്റിയുടെ ഉണർത്തുജാഥ ഉദ്ഘാടനം നഗരസഭ ചെയർമാൻ അള്ളാംകുളം മഹമ്മൂദ് കൊടിയിൽ സലീമിന് പതാക കൈമാറി നിർവഹിക്കുന്നു

മുസ്ലിം ലീഗ്
ഉണർത്തു ജാഥ
2018 മാർച്ച് 10

എരമം-കുറ്റൂർ പഞ്ചായത്ത് മുസ്ലിംലീഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന ഉണർത്തുജാഥ

മുസ്ലിംലീഗ്
ഉണർത്തുജാഥ

പട്ടുവം പഞ്ചായത്ത് മുസ്ലിംലീഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ ഉണർത്തുജാഥ

തളിപ്പറമ്പ: മുസ്ലിംലീഗ് സ്ഥാപക ദിനത്തിൽ മുസ്ലിം ലീഗ് തളിപ്പറമ്പ മുനിസിപ്പൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഉണർത്തുജാഥ സംഘടിപ്പിച്ചു. സയ്യിദ് നഗറിൽ നഗരസഭ ചെയർമാൻ മഹമ്മൂദ് അള്ളാംകുളം മുനിസിപ്പൽ മുസ്ലിംലീഗ് പ്രസിഡണ്ട് കൊടിയിൽ സലീമിന് പതാക കൈമാറി ഉദ്ഘാടനം നിർവഹിച്ചു. നിരവധി ശാഖകളിൽ സ്വീകരണം ഏറ്റുവാങ്ങി ഹൈവേയിൽ സമാപിച്ചു. സമാപന പരിപാടി യൂത്ത് ലീഗ് സംസ്ഥാന വൈസ് പ്രസിഡണ്ട് പി. കെ. സുബൈർ ഉദ്ഘാടനം ചെയ്തു. മണ്ഡലം നേതാക്കളായ സി.പി.വി. അബ്ദുള്ള, പി. മുഹമ്മദ് ഇഖ്ബാൽ, കെ. മുസ്തഫ ഹാജി, കെ.വി. അബൂബക്കർ ഹാജി, പി.സി. നസീർ, ഫൈസൽ ചെറുകുന്നോൻ, കെ.വി. ഉദൈഫ്, ഓലിയൻ ജാഫർ, സി.പി. ഖാദർ ഹാജി, പി.എം. അസീസ്ഹാജി, പറമ്പിൽ അബ്ദുറഹ്മാൻ, സി. സിറാജ്, എൻ.യു. ഷഫീഖ് മാസ്റ്റർ, ഉസ്മാൻ കൊമ്മച്ചി, പി.എ. ഇർഫാൻ സംസാരിച്ചു. പി.പി. മുഹമ്മദ് നിസാർ സ്വാഗതവും പി.പി. ഇസ്മായിൽ നന്ദിയും പറഞ്ഞു.

നടുവിൽ: മുസ്ലിംലീഗ് സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായി നടുവിൽ പഞ്ചായത്ത് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഉണർത്തുജാഥ സംഘടിപ്പിച്ചു. നടുവിൽ സ്കൂൾ ജംഗ്ഷനിൽ നിന്നാരംഭിച്ച ജാഥ ടൗണൽ സമാപിച്ചു. തുടർന്ന് നടന്ന പൊതുയോഗം കെ. അബ്ദുള്ളയുടെ അധ്യക്ഷതയിൽ നിയോജക മണ്ഡലം ട്രഷറർ വി.എ. റഹിം ഉദ്ഘാടനം ചെയ്തു. ജംഷീർ ആലക്കാട്, ബി. അബ്ദുൾ നാസർ, കെ. മുഹമ്മദ് കുഞ്ഞി, കെ.പി. ഹംസക്കുട്ടി, സി.എച്ച്. അബൂബക്കർ ഹാജി, എൻ.യു. അബ്ദുള്ള, കെ.പി. ഷുക്കൂർ പ്രസംഗിച്ചു.

പട്ടുവം: പട്ടുവം പഞ്ചായത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ അരിയിൽ നിന്നും പട്ടുവം കടവിലേക്ക് ഉണർത്തുജാഥ സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡണ്ട് കെ.ഹാമിദ് മാസ്റ്റർക്ക് പതാക കൈമാറി. പി.പി.മുഹമ്മദ്കുഞ്ഞി ഫ്ളാഗ് ഓഫ് ചെയ്തു.

ജാഥയുടെ സമാപനം കെ.ഹാമിദ് മാസ്റ്ററുടെ അധ്യക്ഷതയിൽ മുസ്ലിം ലീഗ് ജില്ലാ ജന. സെക്രട്ടറി അഡ്വ.അബ്ദുൾകരീം ചേലേരി ഉദ്ഘാടനം ചെയ്തു. കല്യാശേരി മണ്ഡലം പ്രസിഡണ്ട് എസ്.കെ.പി.സക്കരിയ, പി.പി.മുഹമ്മദ്കുഞ്ഞി പ്രസംഗിച്ചു. പി.പി.സുബൈർ സ്വാഗതവും ടി.ഹനീഫ നന്ദിയും പറഞ്ഞു. കെ.നാസർ, പി.ജാബിർ, പി.ആലിക്കുഞ്ഞി, പി.ഇബ്രാഹിം, പി.കെ.ജലീൽ, കെ.ഷഫീഖ്, കെ.നൗഷാദ്, കെ.ബഷീർ, കെ.മെഹബൂബ് ജാഥയ്ക്ക് നേതൃത്വം നൽകി.

എരമം-കുറ്റൂർ പഞ്ചായത്ത് മുസ്ലിംലീഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന ഉണർത്തുജാഥ മാതമംഗലത്ത് മണ്ഡലം മുസ്ലിം ലീഗ് വൈസ് പ്രസിഡണ്ട് പി.കെ.അബ്ദുൽഖാദർ മൗലവി ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് ടി.പി.മഹമൂദ് ഹാജി, ജന. സെക്രട്ടറി ഇഖ്ബാൽ കോയിപ്ര, ട്രഷറർ ബഷീർ തെന്നം, സലീം ഹുദവി, ജുനൈബ് കോയിപ്ര, റഷാദ് മാതമംഗലം, കെ.കെ.മുആദ്, അസീസ് പെരുവാമ്പ, അഫ്സൽ കുഴിക്കാട്, മുഹമ്മദ് പെരുമ്പടവ്, ഹബീബ് തെന്നം, ഷാഹിദ് മാതമംഗലം, സലാം കോയിപ്ര, ഷറഫു പെരുവാമ്പ, കെ.അബ്ദുള്ള, കെ.ഉമ്മർഹാജി, എം. ഇബ്രാഹിം മൗലവി നേതൃത്വം നൽകി.

ആലക്കോട് പഞ്ചായത്ത് ആഭിമുഖ്യത്തിൽ ആദിവാസി കുടുംബങ്ങൾക്കുള്ള കുടിവെള്ള ടാങ്ക് വിതരണം പ്രസിഡണ്ട് മോളി മാനുവൽ ഉദ്ഘാടനം ചെയ്യുന്നു.

നാടക-നാടൻകലാ പ്രവർത്തക സംഗമം

മയ്യിൽ: ഒറപ്പടി കലാകൂട്ടായ്മയുടെ ദശവാർഷികത്തിന്റെ ഭാഗമായി മയ്യിൽ അഥീന നാടക-നാട്ടറിവ് വീടിന്റെ സഹകരണത്തോടെ നാടക-നാടൻകലാ പ്രവർത്തക സംഗമം സംഘടിപ്പിച്ചു. കവി കരിവെള്ളൂർ മുരളി ഉദ്ഘാടനം ചെയ്തു. ശശികുമാർ പട്ടാന്നൂർ അധ്യക്ഷനായി. ഷാജു അത്താഴക്കുന്ന് നാട്ടറിവ് ദീപം തെളിയിച്ചു. സംസ്ഥാന സർക്കാരിന്റെ മികച്ച ബാലനടനുള്ള ചലച്ചിത്ര അവാർഡ് നേടിയ മാസ്റ്റർ അഭിനന്ദിനെയും കൊറിയോഗ്രാഫർ സന്തോഷ് കരിപ്പൂലിനെയും കരിവെള്ളൂർ മുരളി ഉപഹാരം നൽകി ആദരിച്ചു. ടി.പി.മനോഹരൻ, പി.മുകുന്ദൻ, രവി മാണിക്കോത്ത്, ശ്രീധരൻ സംഘമിത്ര, ശിൽപി മനോഹരൻ കുറ്റ്യാട്ടൂർ, റംഷി പട്ടുവം, രാധൻ കണ്ണപുരം, മിനി രാധൻ, ശരത് കൊറ്റാളി, ടി.കെ.സുരേശൻ (നന്തുടി), അനീഷ് കാപ്പാട് (നമ്മ), ബാബു കോടഞ്ചേരി, ഭാർഗവൻ പറശിനിക്കടവ്, ഉമേഷ് കൊറ്റാളി, മധു കണ്ടക്കൈ, നൗഷാദ് പയ്യാവൂർ, അശോകൻ കൊളച്ചേരി സംസാരിച്ചു. സുധി പാനൂരിന്റെ ഏകപാത്ര നാടകം വെളിച്ചെണ്ണ അരങ്ങേറി.

അഥീന
നാടക-നാടൻകലാകാര പ്രവർത്തക സംഗമം

നാടക-നാടൻകലാ പ്രവർത്തക സംഗമം കരിവെള്ളൂർ മുരളി ഉദ്ഘാടനം ചെയ്യുന്നു

കോഡ്പ സംഗമം ഉദ്ഘാടനം ചെയ്തു

കണ്ണൂർ: സഹകരണ വകുപ്പിൽ നിന്ന് വിരമിച്ച ജീവനക്കാരുടെ കൂട്ടായ്മയായ കോഡ്പയുടെ പ്രഥമ പാദ വാർഷിക സംഗമം പ്രൊഫ. ബി. മുഹമ്മദ് അഹമ്മദ് കണ്ണൂരിൽ ഉദ്ഘാടനം ചെയ്തു. എം. കരുണാകരൻ അധ്യക്ഷനായി. കർണ്ണാടക രാജീവ് ഗാന്ധി യൂനിവേഴ്സിറ്റി ഫോർ ഹെൽത്ത് സയൻസിൽ നിന്ന് എം.എസ് (ആയുർവേദം) രണ്ടാം റാങ്ക് നേടിയ ഡോ. ചാന്ദിനി ചന്ദ്രശേഖരൻ ഉപഹാരം നൽകി. കെ. സുരേന്ദ്രൻ, പന്ന്യന്നൂർ ഭാസി, വൽസൻ അഞ്ചാംപീടിക, പി.വി. രമേശൻ, ടി.ജി. രാധാമണി, ടി.കെ. ചന്ദ്രശേഖരൻ, കെ. ജയരാജൻ സംസാരിച്ചു.

'കോഡ്പാ' സംഗമം പ്രൊഫ. ബി. മുഹമ്മദ് അഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു.

ആദിവാസി കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്കുകളും കട്ടിലുകളും നൽകി

ആലക്കോട്: ആലക്കോട് പഞ്ചായത്ത് ആഭിമുഖ്യത്തിൽ പട്ടികജാതി- പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്കുകളും 60 വയസ് പിന്നിട്ടവർക്ക് കട്ടിലുകളും നൽകി. 150 ഓളം കുടിവെള്ള ടാങ്കുകളാണ് വിതരണം ചെയ്തത്. പഞ്ചായത്ത് പ്രസിഡണ്ട് മോളി മാനുവൽ ഉദ്ഘാടനം ചെയ്തു. പി.സി. ആയിഷ അധ്യക്ഷത വഹിച്ചു. പി.കെ. ഗിരിജാമണി, ആലീസ് ജോസഫ്, പഞ്ചായത്ത് മെമ്പർമാർ പ്രസംഗിച്ചു. വൈസ് പ്രസിഡണ്ട് സി. മോഹനൻ സ്വാഗതവും സെക്രട്ടറി എൻ.എൻ. പ്രസന്നകുമാർ നന്ദിയും പറഞ്ഞു. പഞ്ചായത്ത് നടപ്പിലാക്കുന്ന പട്ടികജാതി- പട്ടികവർഗ്ഗ ക്ഷേമ പദ്ധതികളുടെ ഭാഗമായാണ് വാട്ടർ ടാങ്കുകളും കട്ടിലുകളും വിതരണം ചെയ്തത്. 500ലിറ്റർ വെള്ളം സംഭരണ ശേഷിയുള്ള ടാങ്കുകളാണ് നൽകിയത്.

തൃച്ചംബരം അക്രമം; വ്യക്തികൾ തമ്മിലുള്ള പ്രശ്നം രാഷ്ട്രീയവൽക്കരിക്കാൻ ശ്രമം: ബി.ജെ.പി

തളിപ്പറമ്പ: തൃച്ചംബരം ഉത്സവത്തിനിടക്ക് നടന്ന അക്രമ സംഭവത്തിൽ ബി.ജെ.പിക്കോ പരിവാർ സംഘടനകൾക്കോ ബന്ധമില്ലെന്ന് ബി.ജെ.പി മണ്ഡലം കമ്മിറ്റി അറിയിച്ചു. സമാധാന അന്തരീക്ഷം നിലനിർത്തേണ്ട ക്ഷേത്ര പരിസരത്ത് നടത്തുന്ന ഒരക്രമത്തെയും പിന്തുണക്കില്ല. വ്യക്തികൾ തമ്മിലുള്ള പ്രശ്നത്തെ രാഷ്ട്രീയവൽക്കരിക്കാനാണ് പോലീസ് ശ്രമിക്കുന്നത്. സംരക്ഷണം നൽകേണ്ട പോലീസ് വിശ്വാസങ്ങളും ആഘോഷങ്ങളും തടസപ്പെടുത്തുന്നത് പ്രതിഷേധാത്മകമാണ്. ഹിന്ദു സമൂഹത്തോട് എന്ത് അനീതിയും കാണിക്കാമെന്നുള്ള സർക്കാരിന്റെ സമീപനമാണ് പോലീസ് നടപടിയിലൂടെ വ്യക്തമാക്കുന്നതെന്നും അവർ പറഞ്ഞു. എ.പി.ഗംഗാധരൻ, പി.ബാലകൃഷ്ണൻ മാസ്റ്റർ, ആനിയമ്മ രാജേന്ദ്രൻ, ടി.ടി.സോമൻ, രവീന്ദ്രൻ കടമ്പേരി, എൻ.കെ.ഇ.ചന്ദ്രശേഖരൻ മാസ്റ്റർ സംസാരിച്ചു.

തളിപ്പറമ്പ നഗരസഭാ വികസന സെമിനാർ നഗരസഭാ അധ്യക്ഷൻ അള്ളാംകുളം മഹമൂദ് ഉദ്ഘാടനം ചെയ്യുന്നു

തളിപ്പറമ്പ് നഗരസഭ വികസന സെമിനാർ

തളിപ്പറമ്പ: നഗരസഭ വികസന സെമിനാർ നഗരസഭാധ്യക്ഷൻ അള്ളാംകുളം മഹമൂദ് ഉദ്ഘാടനം ചെയ്തു. ഉപാധ്യക്ഷ വത്സല പ്രഭാകരൻ അധ്യക്ഷത വഹിച്ചു. വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷൻ പി.മുഹമ്മദ് ഇഖ്ബാൽ കരടുരേഖ അവതരിപ്പിച്ചു. സി.ഉമ്മർ, രജിനി രമാനന്ദ്, കെ.ഹഫ്സത്ത്, കെ.മുരളീധരൻ, കെ.വത്സരാജ്, സെക്രട്ടറി അഭിലാഷ്, എം.എ.ബിജു എന്നിവർ പ്രസംഗിച്ചു.

വൃദ്ധൻമാർക്ക് കൗൺസിലിംഗ് നൽകണമെന്ന്

കണ്ണൂർ: വൃദ്ധന്മാർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നത് പോലെ സർക്കാർ തലത്തിൽ നിരന്തരമായ കൗൺസിലിംഗും വൃദ്ധന്മാരുടെ സ്ഥിതി വിവരക്കണക്കും ശേഖരിക്കണമെന്ന് ജില്ലാ റിട്ട. അറബി അധ്യാപക സംഗമം സർക്കാരിനോട് ആവശ്യപ്പെട്ടു. അബൂബക്കർ കണ്ടക്കൈ ഉദ്ഘാടനം ചെയ്തു. കെ.ടി.കുഞ്ഞിമൊയ്തീൻ അധ്യക്ഷത വഹിച്ചു. പി.മഹമൂദ് വാരം, ബി.എ.റഹ്മാൻ, എം.ശിഹാബുദ്ദീൻ സംസാരിച്ചു.

കാർത്തികപുരം- താബോർ റോഡ് പ്രവൃത്തിയിൽ ക്രമക്കേടെന്ന് പരാതി

ആലക്കോട്: കോടികൾ ചെലവിട്ട് മെക്കാഡം ടാറിംഗ് നിർമ്മാണം നടന്നുവരുന്ന കാർത്തികപുരം- ഉദയഗിരി- താബോർ റോഡ് പ്രവൃത്തിയിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി പരാതി. ഉദയഗിരി- ജോസ്ഗിരി റോഡ് സംരക്ഷണ സമിതിയാണ് ഇതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരന് പരാതി നൽകിയത്. ആശാസ്ത്രീയവും അഴിമതി നിറഞ്ഞതുമായ വിധത്തിലാണ് റോഡ് പ്രവൃത്തി നടക്കുന്നതെന്ന് പരാതിയിൽ പറയുന്നു. നിരവധി വാഹനങ്ങൾ സർവ്വീസ് നടത്തുന്ന റോഡിൽ ഏറെ അപകടങ്ങൾക്ക് വഴി തെളിക്കുന്ന വിധത്തിലാണത്രെ പ്രവൃത്തി നടക്കുന്നത്. ടാറിംഗിലും വ്യാപക ക്രമക്കേട് നടക്കുന്നതായാണ് നാട്ടുകാരുടെ പരാതി.

തയ്യൽ തൊഴിലാളികൾക്ക് പലിശരഹിത വായ്പ അനുവദിക്കണം

കണ്ണൂർ: തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗത്തമുള്ളവർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ആവശ്യമായ പലിശരഹിത വായ്പ അനുവദിക്കണമെന്ന് തയ്യൽ തൊഴിലാളി യൂനിയൻ (എസ്.ടി.യു) ജില്ലാ പ്രവർത്തക സമിതി യോഗം ആവശ്യപ്പെട്ടു.

എസ്.ടി.യു ദേശീയ വൈസ് പ്രസിഡണ്ട് എം.എ. കരീം ഉദ്ഘാടനം ചെയ്തു. ജില്ലാ ജന. സെക്രട്ടറി ആലിക്കുഞ്ഞി പന്നിയൂർ അധ്യക്ഷത വഹിച്ചു. സി.എച്ച്.സലീന, എം.കെ.പി.സക്കീന മാങ്കടവ്, അബ്ദു ചുഴലി, ഷരീഫ വിളക്കണ്ണൂർ, കെ.പി.മുംതാസ്, ത്രേസ്യ സെബാസ്റ്റ്യൻ, എം.യു.ആലി, അബ്ദു മൂന്നാംകുന്ന് സംസാരിച്ചു.

'യുവത' യുവജന ശിൽപശാല നടത്തി

മയ്യിൽ: തായംപൊയിൽ സഫ്ദർ ഹാശ്മി സ്മാരക ഗ്രന്ഥാലയം യുവജനവേദിയുടെ നേതൃത്വത്തിൽ 'യുവത' യുവജന ശിൽപശാല സംഘടിപ്പിച്ചു. വളപട്ടണം ഗ്രാമപഞ്ചായത്ത് ലൈബ്രറി ലൈബ്രേറിയൻ ബിനോയ് മാത്യു, സോഷ്യൽ കൺസൾട്ടന്റ് ലിഷ കെ.ബാലൻ ശിൽപശാല നയിച്ചു.

പി.പി.സന്തോഷ്കുമാർ അധ്യക്ഷനായി. കെ.എം.ഹനീഫ, എ.ഐ.കാവ്യ, കെ.കെ.റിഷ്ന സംസാരിച്ചു. ഭാരവാഹികളായി വി.സി.ഷിനോജ് (പ്രസിഡണ്ട്), പി.ഗിരീഷ് (വൈസ് പ്രസിഡണ്ട്), കെ.കെ.റിഷ്ന (സെക്രട്ടറി), ടി.ഒ.രാഹുൽ (ജോ. സെക്രട്ടറി) എന്നിവരെ തിരഞ്ഞെടുത്തു.